GENERATED THROUGH eOffice

അനെർട്ട്
ANERT
AGENCY FOR NON-CONVENTIONAL ENERGY & RURAL TECHNOLOGY
DEPARTMENT OF POWER, GOVERNMENT OF KERALA
Law College Road, PMG, Thiruvananthapuram 695033 • director@anert.in • www.anert.gov.in
Tel.: (+91-471) 2338077, 2334122, 2333124, 2331803 • Fax: (+91-471) 2329853

## പ്രസിദ്ധീകരണത്തിന്

## അനർട്ട്- അക്ഷയോർജ കോഴ്സുകളുടെ സംസ്ഥാനതല ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.എം എം മണി നിർവഹിക്കും

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന അക്ഷയോർജ്ജ കോഴ്സുകളുടെ സംസ്ഥാനതല ഉദ്ഘാടനം **മന്ത്രി ശ്രീ . എംഎം മണി ഒക്ടോബർ 2, ഉച്ചക്ക് 2.30 ന്** ഓൺലൈനിലൂടെ നിർവഹിക്കും. ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജ് ഫിസിക്സ് വിഭാഗത്തിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന അക്ഷയോര്ജ്ജ കോഴ്സുകൾക്കും പ്രചാരണ പരിപാടികൾക്കും ഇതോടെ തുടക്കമാകും **ശ്രീ.കോവൂർ കുഞ്ഞുമോൻ എം.എൽ.എ** അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ എംപിമാരായ **ശ്രീ സോമപ്രസാദ്, ശ്രീ കൊടിക്കുന്നിൽ സുരേഷ്** എന്നിവർ വിശിഷ്ടാതിഥികളാകും. അനെർട്ട് ഡയറക്ടർ അമിത് മീണ ഐ എ എസ് സ്വാഗതം ആശംസിക്കും. ചടങ്ങിൽ പ്രിൻസിപ്പൽ ഡോ.കെ.എസ് അനിൽകുമാർ കോഴ്സുകൾ പരിചയപ്പെടുത്തും. ശാസ്താംകോട്ട ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഐ. നൗഷാദ് ,വാർഡ് മെമ്പർ എസ്. ദിലീപ് കുമാർ, കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ ആർ. അരുൺ കുമാർ, അനെർട്ട് ജനറൽ മാനേജർ പി.ചന്ദ്രശേഖരൻ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ അനീഷ് എസ് പ്രസാദ്, ഐ ക്യു എ സി കോർഡിനേറ്റർ ഡോ. വി ജയശ്രീ എന്നിവർ ആശംസകളർപ്പിക്കും.കോളേജ് എനർജി സെന്റർ യൂണിറ്റ് കോർഡിനേറ്റർ ഡോ. നിഷ എസ് പണിക്കർ ചടങ്ങിന് നന്ദി രേഖപ്പെടുത്തും.

കോഴ്സിന്റെ ആദ്യഘട്ടമെന്ന നിലയിൽ കോളേജിലെ മുഴുവൻ വിദ്യാർത്ഥികളെയും ആദ്ധ്യാപകരെയും ഉൾപ്പെടുത്തി ഒരാഴ്ച നീണ്ടു നിൽക്കുന്ന വിപുലമായ ഒരു പ്രചാരണ പരിപാടിയാണ് ഓൺലൈനായി സംഘടിപ്പിക്കുന്നത്. **'അക്ഷയ ഊർജ്ജം സുസ്ഥിര വികസനത്തിന്** ' എന്ന മുദ്രാവാക്യമുയർത്തി ഒക്ടോബർ 2, ഗാന്ധിജയന്തി ദിനം മുതൽ ഒരാഴ്ചക്കാലം അനെർടിലെ ശാസ്ത്രജ്ഞർ ,പ്രോഗ്രാം ഓഫീസർമാർ എന്നിവർ നയിക്കുന്ന അര മണിക്കൂർ വീതമുള്ള 13 ഓൺലൈൻ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകും.ഇതിൽ സൗരോർജം, കാറ്റിൽ നിന്നുള്ള ഊർജം, തിരമാലയിൽ നിന്നുള്ള ഊർജ്ജം, മൈക്രോഗ്രിഡ്, ഇ മൊബിലിറ്റി ,സൗര താപോർജ്ജ സംവിധാനങ്ങൾ ബയോഗ്യാസ് തുടങ്ങിയ വിവിധ വിഷയങ്ങളിലെ അടിസ്ഥാന വിവരങ്ങൾ വീഡിയോ ,ആനിമേഷൻ, ഗ്രാഫിക്സ് തുടങ്ങിയവയുടെ സഹായത്താൽ അവതരിപ്പിക്കും..ഇതിനോടൊപ്പം അക്കാദമിക അറിവുകളെ സമൂഹത്തിന് ലഭ്യമാക്കുക എന്ന

ലക്ഷ്യത്തോടെ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിൽ വിപുലമായ എനർജി ഓഡിറ്റ് സർവ്വേ സംഘടിപ്പിക്കും.ഇതിനായി ശാസ്താംകോട്ട ഗ്രാമപ്പഞ്ചായത്ത് പൂർണ പിൻതുണ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. സർവ്വേയിലൂടെ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് അക്ഷയോർജ സംവിധാനങ്ങൾ ലഭ്യമാക്കുന്ന നടപടികൾ സ്വീകരിക്കുവാനും കോളേജ് തയ്യാറാകും.

അക്ഷയ ഊർജ്ജ മേഖലയുടെ വ്യാപനത്തിനും പ്രചരണത്തിനും വിപുലമായ പദ്ധതികളാണ് അനർട്ട് രൂപീകരിച്ചിരിക്കുന്നത്. ഇതിൻപ്രകാരം ഈവർഷം '**അനർട്ട് ടാൻറി ടാൻറി** 'എന്ന പേരിൽ വിവിധ അക്കാദമിക, പരിശീലന, വ്യാവസായിക പരിപാടികൾ നടപ്പാക്കുകയാണ് .. അക്കാദമിക വിഭാഗത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ കോഴ്സുകളും പരിശീലന പരിപാടികളും നൽകുകയാണ് . ഇതിന് ആവശ്യമായ സിലബസ്, സാങ്കേതികസഹായം, പരിശീലനം എന്നിവ അനെർട്ട് തയ്യാറാക്കി നൽകും. . അധ്യാപകർ, പോസ്റ്റ് ഗ്രാജുവേറ്റ് , ഗവേഷണവിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് അക്ഷയ ഊർജ്ജ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളുമായി സഹകരിക്കാനുള്ള അവസരം അനെർട്ട് ലഭ്യമാക്കും. സോളാർ പാനൽ മെയിൻറനൻസ്, റിപ്പയറിംഗ്, സോളാർപാനൽ ഇൻസ്റ്റലേഷൻ തുടങ്ങിയ വിവിധ തൊഴിൽമേഖലകളിൽ വിദ്യാർഥികളെ പ്രാപ്തമാക്കുന്ന രീതിയിലാണ് അനർട്ട് സിലബസ് തയ്യാറാക്കിയിരിക്കുന്നത് . കാർബൺ രഹിത കേരളത്തിനായി ഗവണ്മെന്റ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് അനെർട്ടുമായി സഹകരിക്കാൻ കൂടുതൽ കോളേജുകളും സന്നദ്ധമാകുകയാണ്. വരും ദിവസങ്ങളിൽ തിരുവല്ല മർത്തോമ കോളേജ് , എറണാകുളം ഭാരത് മാതാ കോളേജ്, കൊല്ലം ടി കെ എം കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പരിപാടിയുടെ ഭാഗമാകും.

1/10/20

**STATE PROGRAMME MANAGER**